മലയാളത്തിന്റെ
പ്രിയ കഥാകാരൻ
**ശിഹാബുദ്ദീൻ**
**പൊയ്ത്തുംകടവ്**
നിങ്ങളുമായി
സംവദിക്കുന്നു



# ശിഹാബ്ക്കയോട് ചോദിക്കാം

മനുഷ്യർക്ക് കൊറോണ വന്നിട്ടും ഒരു അനക്കവുമില്ല. അല്ലേ ശിഹാബ്ക്കാ? എത്ര പരീക്ഷണങ്ങൾ വന്നാലും ആരും പഠിക്കുന്നില്ലല്ലോ.. ഇപ്പോഴും പീഡനങ്ങളും, കള്ളക്കടത്തും, അക്രമങ്ങളും എല്ലാം. ആദ്യം ഇതെല്ലാം കുറവായിരുന്നു. പിന്നീട് ലോക്ഡൗൺ പതിയെ തുറക്കുമ്പോൾ ഓരോന്നും കൂടിക്കൂടി വരികയാണ്. എന്താണ് മനുഷ്യരെല്ലാം ഇങ്ങനെ? നല്ല മനുഷ്യർ മാത്രമാണ് ഈ ലോകത്തുള്ളതെങ്കിൽ സുന്ദരമാകില്ലേ ഈ ലോകം..?

നിദ നസ്റിൻ
ക്ലാസ് 6
വാണിമേൽ എം.യു.പി സ്കൂൾ,
നാദാപുരം

ഭൂമിയിൽ എക്കാലത്തും നല്ല മനുഷ്യരും ചീത്ത മനുഷ്യരുമുണ്ട്. അത് ഒരു തരം പ്രകൃതി നിയമമാണ്. പ്രകൃതി പലപ്പോഴും അനുഭവങ്ങളിൽ നിന്ന് ശക്തി സംഭരിക്കുകയും മുന്നോട്ട് പോവുകയും ചെയ്യുന്നു.

വിപരീതമായ കാലാവസ്ഥ ഇല്ലെങ്കിൽ, ഉപദ്രവകാരികളായ കാട്ടുമൃഗങ്ങൾ ഇല്ലായിരുന്നെങ്കിൽ ആദിമ മനുഷ്യർ ഗുഹകളിൽ താമസിക്കുമായിരുന്നില്ല. അവർ കാട്ടിൽ, വല്ല മരച്ചുവട്ടിലും ഉറങ്ങിയേനെ.

അവിടെനിന്നും പുരോഗമിച്ച് നാം കള്ളന്മാരിൽ നിന്നും കവർച്ചക്കാരിൽ നിന്നും സംരക്ഷിക്കാൻ വീടുകളുണ്ടാക്കി. ഒന്നിച്ചു ജീവിച്ചു. ഇന്ന് കാണുന്ന പല പുരോഗതികളും ഉണ്ടാക്കി. പല കണ്ടുപിടിത്തങ്ങളുടെയും കാരണം തന്നെ കള്ളന്മാരിൽനിന്നും ദുഷ്ടശക്തികളിൽ നിന്നും രക്ഷപ്പെടാനാണെന്ന് കാണാം. കള്ളന്മാരും ഉപദ്രവകാരികളും ഉണ്ടായിരുന്നില്ലെങ്കിൽ നാം സി.സി. ടി.വി തന്നെ കണ്ടുപിടിക്കില്ലായിരുന്നു.

പ്രപഞ്ചം ഉള്ളിടത്തോളം നല്ലവരും ദുഷ്ടരുമായ ആളുകളുണ്ടാവും. കരുണയുള്ളവരും ക്രൂരന്മാരുമുണ്ടാകും. ഇതിൽ ഏത് വിഭാഗത്തിലാണ് നമ്മൾ ഉൾപ്പെടാൻ ആഗ്രഹിക്കുന്നത്, അതിനനുസരിച്ച് നമ്മൾ അതിൽ പെ



▸▸ ഇംഗ്ലീഷ് ചാനൽ രണ്ടു തവണ നീന്തിക്കടന്ന ആദ്യത്തെ ഇന്ത്യൻ വനിത– ബുലാ ചൗധരി

ടുന്നു. നല്ല മനുഷ്യരിൽ പെടാൻ നമുക്ക് പരിശ്രമിക്കാം.



ഈ വർഷമാകെ പ്രശ്നമാണല്ലോ ശിഹാബ്ക്കാ. സ്കൂളില്ല, കടകളില്ല. ഒന്നുമില്ല. വല്ലാത്തൊരു അവസ്ഥ തന്നെ, അല്ലേ..?

അൻസൽന, ക്ലാസ് 5
ആലപ്പുഴ

ജീവിതം എക്കാലത്തും ശാന്തമായി ഒഴുകുന്ന ഒരു നദിയും, നമ്മൾ അതിൽ സുഖ സന്തോഷത്തോടെ മാത്രം സഞ്ചരിക്കുന്ന യാത്രക്കാരുമല്ല.

നാം സഞ്ചരിക്കുന്നത് എപ്പോഴും സുഖകരമായ പാതകളിലൂടെയുമല്ല. അവയിൽ കല്ലും മുള്ളും തടസ്സങ്ങളും സ്വാഭാവികമാണ്.

പ്രയാസങ്ങൾ, പ്രശ്നങ്ങൾ ഇവ കടന്നു വരുമ്പോൾ ക്ഷമയോടെ നേരിടുക. തീർച്ചയായും വിജയിക്കാം. അതുകൊണ്ട് നിരാശപ്പെടാതെ മുന്നോട്ട് പോവുക.

ശിഹാബ്ക്കാ... ഞാൻ അമിതമായി സംസാരിക്കും. നല്ല വായാടിയാണെന്നാണ് എല്ലാവരും പറയാറ്. എന്റെ ഈ സംസാരം കാരണം വീട്ടുകാരും മറ്റും എന്നെ വഴക്ക് പറയും. പക്ഷേ ഞാൻ എത്ര ശ്രമിച്ചിട്ടും എനിക്ക് സംസാരം കുറക്കാൻ കഴിയുന്നില്ല. ചിലപ്പോൾ എനിക്ക് എന്നെ കുറിച്ചോർത്ത് സങ്കടം വരും. എനിക്കൊരു വഴി പറഞ്ഞു തരുമോ ശിഹാബ്ക്കാ..

ഷംബ്രിറിൻ. കെ ഇർശാദ്
ക്ലാസ് 10,
മണ്ണാർക്കാട്

പ്രിയ ഷംബ്രി,

ചിലർ പൊതുവെ സംസാര പ്രിയരാണ്. ഇത് ബുദ്ധിയുടെയും ബുദ്ധിമോശത്തിന്റെയും ലക്ഷണമാണ്. സമയവും സന്ദർഭവും അനുസരിച്ച് കേൾവിക്കാരന് ആകർഷകമായി തോന്നുന്നവ ബുദ്ധിയുള്ളവ തന്നെ.

എന്നാൽ ഒട്ടും ഔചിത്യബോധമില്ലാതെ വളവള സംസാരം ചിലപ്പോഴെങ്കിലും അരോചകമാണ്.

ഷംബ്രി ഇക്കാര്യം തിരിച്ചറിയുന്നു എന്നത് തന്നെ നല്ല ലക്ഷണമാണ്.

സംസാരിക്കുന്നവർ നല്ല കേൾവിക്കാർ കൂടിയാവണം. എന്തായാലും മനോവിഷമത്തിന്റെ കാര്യമൊന്നും വേണ്ട. നാം നമ്മളെ തിരുത്തി മുന്നേറണം. നന്നായി സംസാരിക്കാൻ സാധിക്കുക എന്നത് അനുഗ്രഹം തന്നെയാണ്. പക്ഷേ സംസാരിക്കുന്ന കാര്യങ്ങൾ കാമ്പുള്ളതാക്കുക എന്നതിലാണ് കാര്യം. അതിന് നല്ല വായന വേണം, അപ്പോൾ നമുക്കൊരുപാട് തിരിച്ചറിവുകൾ കിട്ടും. കാമ്പുള്ളതാകുമ്പോ ൾ നമ്മെ കേൾക്കാനും എല്ലാവർക്കും താൽപര്യമായിരിക്കും.

•



നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്. കത്തുകൾ അയക്കേണ്ട വിലാസം:
ശിഹാബ്ക്കയോട് ചോദിക്കാം. മലർവാടി ദ്വൈവാരിക ,
ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്- 12.
കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും
8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.

▸▸ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ ബാങ്കിംഗ് സംസ്ഥാനം- കേരളം